(ബി) നാളിതുവരെ ഈ ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകി എന്ന് വ്യക്തമാക്കാമോ;

(സി) ജില്ലയിൽ വിവിധ വകുപ്പുകളിലായി എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ഡി) ഈ ഒഴിവുകൾ നികത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചു വരുന്നു.

എക്സൈസ് ഗാർഡുമാരുടെ ഒഴിവുകൾ

54 [866] ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ എക്സൈസ് ഗാർഡുമാരുടെ എത്ര ഒഴിവുകൾ നിലവിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എക്സൈസ് ഗാർഡ് നിയമനത്തിന് ജില്ലാ പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് നിലവിലുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിലവിലുള്ള ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ആറ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നിലവിലുള്ള ഒഴിവുകൾ സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം നിയമിക്കുന്നതിനായി പി.എസ്.സി.-യെ അറിയിച്ചിട്ടുള്ളതാണ്. ആയതിനാൽ ടി ഒഴിവുകളിലേയ്ക്ക് നിലവിലുള്ള റാങ്ക്ലിസ്റ്റിൽനിന്നും നിയമനം നടത്താൻ കഴിയില്ല.

കുമാരി പി. കെ. രജിലയുടെ നിയമനം

55 [867] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ആശ്രിത നിയമനത്തിനുവേണ്ടി അപേക്ഷ നല്കിയവരിൽ എന്നുവരെ അപേക്ഷ നല്കിയവർക്ക് നിയമനം നൽകി എന്ന് കാറ്റഗറി തിരിച്ച് വിവരം തരാമോ;

LIBRARY ARCHIVES Kerala Legislative Assembly